**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 569** **13-01-2021 - ൽ മറുപടിയ്ക്ക്**

**കരകൗശല തൊഴിലാളികൾക്ക് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | **Shri E. P. Jayarajan**<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | കോവിഡ് രോഗവ്യാപനനിരക്ക് വർദ്ധിച്ചതുമൂലം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ കരകൗശല തൊഴിലാളികളുടെ ജീവിതം പ്രതിസന്ധിയിലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കഴിഞ്ഞ വർഷം 10000 തൊഴിലാളികൾക്ക് 10000 രൂപയുടെ ടൂൾ കിറ്റ് വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ചിരുന്നോ; ഇതിനകം എത്ര തൊഴിലാളികൾക്ക് ഈ പദ്ധതി പ്രകാരം കിറ്റ് വിതരണം നടത്തിയെന്നറിയിക്കാമോ; | (ബി) | ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ആന്റ് പ്രൊമോഷൻ ഓഫ് ഹാന്റിക്രാഫ്റ്റ്സ് പ്രോഗ്രാമുമായി ബന്ധപ്പെട്ട ഡെവലപ്മെന്റ് കമ്മീഷണർ (ഹാന്റി ക്രാഫ്റ്റ്സ്) ന്യൂഡൽഹി, പുറപ്പെടുവിച്ച മാനദണ്ഡങ്ങൾക്കനുസരിച്ച് തിരഞ്ഞെ- ടുക്കപ്പെട്ട ആർട്ടിസാൻമാർക്ക് വിവിധ ക്രാഫ്റ്റുകളായ തടി, പ്രകൃതിദത്ത നാരുകൾ, കച്ചിപ്പടം, വെങ്കലം, മൺപാത്രം തുടങ്ങിയവയിൽ ആദ്യഘട്ടമായി കരകൗശല വികസന കോർപ്പറേഷൻ വഴി 1350 ടൂൾകിറ്റുകൾ വിതരണം ചെയ്തു. |
| (സി) | തൊഴിലാളികൾക്ക് ടൂൾ കിറ്റ് നൽകുന്നതിനായി കേന്ദ്ര സഹായം ലഭ്യമാണോ; എങ്കിൽ എന്ത് തുക 2017-18 ന് ശേഷം ലഭിച്ചുവെന്ന് വിശദമാക്കുമോ; | (സി) | 2017-18 ന് ശേഷം ക്രേന്ദ്രധനസഹായം ടൂൾകിറ്റിനായി ലഭിച്ചിട്ടില്ല. 2019-20 കാലഘട്ടത്തിൽ ഡെവലപ്മെന്റ കമ്മീഷണർ (ഹാന്റിക്രാഫ്റ്റ്സ്) ന്റെ ഹ്യൂമൻ റിസോഴ്സ് ആന്റ് ഡവലപ്മെന്റ് സ്കീം, ഡിസൈൻ ആന്റ് ടെക്നിക്കൽ അപ്ഡേഷൻ സ്കീം എന്നീ സ്കീമുകളിൽ 69,42,230 രൂപ ലഭിച്ചിട്ടുണ്ട്. |
| (ഡി) | കരകൗശല കോർപ്പറേഷനിൽ ഉൽപന്നങ്ങൾ നൽകുന്ന തൊഴിലാളികൾക്ക് നിലവിൽ കുടിശ്ശിക നൽകുവാനുണ്ടോ; അത് അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | കരകൗശല വികസന കോർപ്പറേഷൻ കുടിശ്ശിക നൽകാനുണ്ട്. ഇതിൽ 2014-16 കാലഘട്ടത്തിലെയാണ് ഏറ്റവും കൂടുതൽ കുടിശ്ശിക തുക നൽകുവാനുള്ളത്. ഇപ്പോൾ കോവിഡ് 19 മൂലം ഒരു വർഷത്തോളമായി കുടിശ്ശിക നൽകാൻ കഴിയാത്ത വിധം കരകൗശല വിപണനം പ്രതിസന്ധി യിലാണ്. കുടിശ്ശിക ഘട്ടംഘട്ടമായി കൊടുത്തു തീർക്കുവാൻ ശ്രമിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ